©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2021-2023)

## പതിനെട്ടാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് 10-ാം  തീയതി സഭയിൽ സമർപ്പിച്ചത്)

## പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ  സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

# (2021-2023)

## പതിനെട്ടാമത്  റിപ്പോർട്ട്

(2023  ആഗസ്റ്റ് 10-ാം  തീയതി സഭയിൽ സമർപ്പിച്ചത്)

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ  സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

790/2023

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 27 |
| അനുബന്ധം II | .. | 32 |
| അനുബന്ധം III | .. | 34 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എം. എം. മണി, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

ശ്രീ. വി. കെ പ്രശാന്ത്, എം. എൽ. എ.

ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ട് 2012 ജൂലൈ 25-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 ജൂലൈ 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,<br>
*അദ്ധ്യക്ഷൻ,*<br>
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,<br>
2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ട് 2012 ജൂലൈ 25-ാം തീയതി സഭയിൽ സമർപ്പിച്ചു. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28-ാം ആക്റ്റ്) വിവിധ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് പുറപ്പെടുവിച്ച 1255/2008, 351/2009, 836/2009 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സമിതി വിശദമായ പഠനത്തിന് വിധേയമാക്കുകയുണ്ടായി. മേൽ എസ്.ആർ.ഒ.കളുമായി ബന്ധപ്പെട്ട് കർഷകർ, കർഷകസംഘടനകൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ അറിയുന്നതിനായി കാസർകോട്, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ സമിതി യോഗം ചേരുകയും 13-3-2012-ന് റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതകളാണ് സമിതിയുടെ നിഗമനങ്ങളും ശിപാർശകളുമായി ഏഴാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിൽ 25 മുതൽ 41 വരെ ഖണ്ഡികകളിലായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട 17 ശിപാർശകളാണ് ഉണ്ടായിരുന്നത്. ടി ശിപാർശകളിന്മേൽ റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടിപത്രികകൾ വിവിധ തീയതികളിലെ യോഗങ്ങളിലായി സമിതി പരിഗണിക്കുകയും 25 മുതൽ 41 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി അംഗീകരിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തി അദ്ധ്യായം II ആയി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

സമിതി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി എന്നിവ :

## ശിപാർശ (ഖണ്ഡിക 25)

ഡേറ്റാബാങ്ക് തയ്യാറാക്കുമ്പോൾ ചട്ടം 4 (ബി) (എ) പ്രകാരം ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ പരിശോധിച്ച് അന്തിമരൂപം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ ഡേറ്റാബാങ്ക് കുറ്റമറ്റരീതിയിൽ തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിച്ച് ആക്ടിലെ 5(4)(i) വകുപ്പ് പ്രകാരവും ചട്ടങ്ങളിലെ 4-ാം ഖണ്ഡിക പ്രകാരവും അടുത്ത മൂന്നു മാസത്തിനുള്ളിൽ വ്യക്തവും ആധികാരികവുമായ ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആക്ടിനു വിരുദ്ധമായ ഏതു കേസിൻമേലുമുള്ള ആധികാരിക രേഖ ഡേറ്റാബാങ്ക് ആവുന്നതുകൊണ്ട് നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഡേറ്റാബാങ്കിന്റെ പ്രസിദ്ധീകരണം വൈകുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി - റവന്യൂ വകുപ്പ്

2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഡേറ്റാബാങ്ക് പ്രസിദ്ധീകരണം 23-3-2009-ന് മുമ്പ് പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതും ഡേറ്റാബാങ്കിൽ ചില തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ് . ഡേറ്റാബാങ്ക് പ്രസിദ്ധീകരണം പലകാരണങ്ങളാൽ വൈകിയിട്ടുണ്ട്. പല ഘട്ടങ്ങളായിട്ടാണ് ഇവ പ്രസ്സിൽ പ്രസിദ്ധീകരണത്തിന് നൽകിയിട്ടുള്ളത്. നിലവിൽ 328 എണ്ണം പ്രസിദ്ധീകരിക്കുകയും അഞ്ഞൂറോളം അന്തിമ ഘട്ടത്തിൽ പ്രസ്സുകളിൽ പ്രസിദ്ധീകരണത്തിനായി എത്തിച്ചിട്ടുള്ളതുമാണ്. ചട്ടം 4(2)(ബി) പ്രകാരം കരട് ഡേറ്റാബാങ്കിൽ തിരുത്താമെന്നിരിക്കെ അന്തിമ ഡേറ്റാബാങ്കിൽ വീണ്ടും തിരുത്തലുകൾ വരുത്തി പ്രസിദ്ധീകരിക്കുക എന്നത് വളരെയധികം സമയം എടുക്കുന്നതും ചെലവ് വരുന്നതുമായ ഒരു പ്രക്രിയയാണ്. നിയമ പ്രകാരം ഡേറ്റാബാങ്ക് തയ്യാറാക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനും കൃഷി ഓഫീസർ കൺവീനറുമായിട്ടുള്ള പ്രദേശികതല നിരീക്ഷണ സമിതിയാണ്. അത് ഒരു സ്റ്റാറ്റ്യൂറ്ററി കർത്തവ്യം ആയതിനാൽ, മറ്റൊരുതരത്തിലും ഇതിൽ ഇടപെടാൻ സാധ്യമല്ല.

ആയതിനാൽ, പ്രായോഗികമായി, ഇതിൽ താഴെ പറയുന്ന നടപടികൾ എടുക്കുന്നതാവും ഉചിതം എന്ന് കരുതുന്നു. തയ്യാറാക്കിയിട്ടുള്ള അന്തിമ ഡേറ്റാബാങ്ക് പൊതുജനങ്ങളുടെ അറിവിലേക്കായി അടിയന്തരമായി പഞ്ചായത്ത് വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുക, ഇതിൽ ആക്ഷേപമുള്ളവർക്ക് അപ്പീൽ ഫയൽ ചെയ്യുവാൻ അവസരം നൽകുക. വെബ്സൈറ്റിൽ പ്രസിദ്ധീകിക്കുവാൻ വേണ്ട നിർദ്ദേശം സർക്കാർ നൽകി

കഴിഞ്ഞിട്ടുണ്ട് [സ.ഉ. (കൈയെഴുത്ത്) 71/2016/റവ തീയതി 1-2-2016] അപ്പീൽ വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അന്തിമ ഡേറ്റാബാങ്ക് തയ്യാറാക്കേണ്ടത് കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതി ആയതിനാലും ഇവ പ്രസിദ്ധീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാലും ഡേറ്റാബാങ്ക് പ്രസിദ്ധീകരണത്തിലെ കാലതാമസം സംബന്ധിച്ച വിശദീകരണം ടി വകുപ്പുകളാണ് നൽകേണ്ടത്.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**കൃഷി വകുപ്പ്**

കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 5(4)(i) വകുപ്പ് പ്രകാരവും ചട്ടങ്ങളിലെ 4-ാം ഖണ്ഡിക പ്രകാരവും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഡാറ്റാബാങ്ക് കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി തയ്യാറാക്കിയിരുന്നു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ സാറ്റലൈറ്റ് ചിത്രങ്ങൾ ഉപയോഗിക്കുന്നതിനുണ്ടായ തടസ്സങ്ങളും അടിസ്ഥാന റവന്യൂ, സർവ്വേ റെക്കോർഡുകളിലെ അപാകതകളും മൂലം നെൽവയൽ-തണ്ണീർത്തട ഡാറ്റാ ബാങ്കിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. 2016-2017-ലെ ബജറ്റ് പ്രസംഗത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും 2014-2015-ലെ ഫിനാൻസ് ബില്ലിന്റെ ഭാഗമായി കൊണ്ടുവന്ന വ്യവസ്ഥകൾ റദ്ദാക്കി നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പുകൾ പ്രകാരമായിരിക്കും ഭൂവിനിയോഗ നിയന്ത്രണങ്ങളിൽ ഇളവുകൾ നൽകുകയെന്നും ഡാറ്റാ ബാങ്ക് ഏറ്റവും ആധുനികമായ ഐ.റ്റി. സങ്കേതങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുവാൻ ആരംഭിക്കുന്നതാണെന്നും സർക്കാർ പ്രഖ്യാപിക്കുകയും നടപടികൾ ഊർജ്ജസ്വലമാക്കുകയുമുണ്ടായി. സംസ്ഥാനത്തെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ ഇതിനോടകം 669 എണ്ണത്തിൽ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 226 കൃഷിഭവനുകളിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗവൺമെന്റ് പ്രസ്സുകളിൽ ഏൽപ്പിച്ചിട്ടുണ്ട്. 9 ജില്ലകളിലായി 22 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ/തണ്ണീർത്തടം ഇല്ലാത്തതാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ (LLMC) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനത്തിനായി അവ ഗവൺമെന്റ് പ്രസ്സിലേക്ക് കൈമാറാത്തതുമായ

136 എണ്ണവും ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളും ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC) മുഖേന നടപടി സ്വീകരിച്ചു വരുന്നു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നത് മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ് ഡയറക്ടർ, KSREC ഡയറക്ടർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 47/2017/കൃഷി, തീയതി 18.01.2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 11-5-2017-ൽ യോഗം ചേരുകയും പദ്ധതി പുരോഗതി അവലോകനം ചെയ്ത് നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫീൽഡ് തലത്തിൽ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുവാനായി കൃഷി ഓഫീസർമാരുമായുള്ള ആശയ വിനിമയത്തിന് 16-9-2017-ന് ഒരു വീഡിയോ കോൺഫറൻസും ഉന്നതതല സമിതി വിളിച്ചു കൂട്ടിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (പി.) നമ്പർ 34/2017/റവന്യൂ തീയതി 30-5-2017 പ്രകാരം കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. അതിൻ പ്രകാരം നിലവിൽ നെൽവയൽ/തണ്ണീർത്തടമായി നിലനിൽക്കുന്ന സ്ഥലങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്. ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുൻപാകെ പുന:പരിശോധനാ അപേക്ഷ നൽകാവുന്നതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായുള്ള അപേക്ഷകൾ പ്രദേശികതല നിരീക്ഷണ സമിതി കൺവീനർമാരായ അതത് പ്രദേശത്തെ കൃഷി ഓഫീസർമാർ സ്വീകരിച്ച് നടപടി കൈക്കൊണ്ട് വരികയാണ്.

ഉപഗ്രഹചിത്രങ്ങൾ ഉപയോഗപ്പെടുത്തി KSREC-ന്റെ സഹായത്തോടെ 159 ഡാറ്റാ ബാങ്കുകൾ കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിനായുള്ള 50 ലക്ഷം രൂപയുടെ പദ്ധതിക്ക് 2016-2017 വർഷം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അതിൻപ്രകാരം KSREC നാളിതുവരെ 33 ഡാറ്റാബാങ്കുകളെയും ശാസ്ത്രീയമായി പരിശോധിച്ച്

ശാസ്ത്രീയമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ പരിശോധന പുരോഗമിച്ചുവരുന്നു. KSREC പരിശോധന പൂർത്തിയായ ഡാറ്റാബാങ്കുകൾ തുടർനടപടികൾക്കായി അവർ LLMC-ക്ക് കൈമാറാനുള്ള നടപടികളും കൈക്കൊണ്ടിട്ടുള്ളതായി അറിയിക്കുന്നു.

(കൃഷി വകുപ്പ് 20-9-2017-ലെ 1841/എൻസിഎ 3/2016/അഗ്രി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**തദ്ദേശ സ്വയംഭരണ വകുപ്പ്**

**പഞ്ചായത്തുകളിൽ**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും ഡാറ്റാബാങ്ക് കാലികമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 5(4)(i) പ്രകാരം ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന്റെ ചുമതല, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കൃഷി ഓഫീസർ കൺവീനറും വില്ലേജോഫീസറും പഞ്ചായത്ത് പ്രദേശത്തെ മൂന്ന് കർഷകപ്രതിനിധികളും അംഗങ്ങളായുള്ള പ്രാദേശിക നിരീക്ഷണ സമിതിക്കാണ്. ടി സമിതി തയ്യാറാക്കുന്ന ഡാറ്റാബാങ്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതും, സെക്രട്ടറി അത് ഒരു വിജ്ഞാപനമായി കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നുമാണ് ചട്ടം 4(4)-ൽ വ്യക്തമാക്കിയിട്ടുള്ളത്.

**നഗരസഭകളിൽ**

ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ പരിശോധിച്ച് ഡാറ്റാബാങ്കിന് അന്തിമരൂപം നൽകി ആയതു പ്രസിദ്ധീകരിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണമെന്നുമാണ് സമിതി ശിപാർശ ചെയ്തിരുന്നത്. എന്നാൽ എൽ.എൽ.എം.സി. അംഗീകാരം ലഭ്യമാക്കൽ, വിവരശേഖരണം പൂർത്തിയാക്കൽ എന്നീ നടപടികൾ സ്വീകരിക്കാത്തത് മൂലം ഡാറ്റാബാങ്ക് യഥാസമയം പ്രസിദ്ധീകരിക്കാത്ത 29 നഗരസഭ സെക്രട്ടറിമാർക്ക് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. വിവിധ കാരണങ്ങളാൽ ഇതു സാധിക്കാത്ത നഗരസഭകളുടെ പട്ടിക കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കി ടി നഗരസഭകളുമായി നിരന്തരം ആശയവിനിമയം നടത്തി ഡാറ്റാബാങ്ക് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് എല്ലാ വിവരങ്ങളും അടങ്ങിയിട്ടുള്ള ഡാറ്റാബാങ്ക് ഐ.കെ.എം.-ന്റെ സാങ്കേതിക സഹായത്തോടുകൂടി എല്ലാ നഗരസഭകളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(തദ്ദേശസ്വയംഭരണ വകുപ്പ് 4-8-2022-ലെ 53/ആർ.ഡി.3/2015/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10-8-2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 26)**

തങ്ങളുടെ അധികാരിതയ്ക്കുള്ളിൽപ്പെട്ട പ്രദേശത്തെ നെൽവയലിനെ സംബന്ധിച്ച് റിപ്പോർട്ടിംഗ് ആഫീസർമാർ കൃഷി ആഫീസർമാരാണ് എന്ന് ആക്ടിലെ 7-ാം വകുപ്പ് അനുശാസിക്കുന്നു. അപ്രകാരം റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന മറുപടിയാണ് കൃഷി വകുപ്പ് ലഭ്യമാക്കിയതെങ്കിലും ഓരോ ജില്ലയിലും എത്ര കേസുകൾ വീതമാണ് എന്ന് വ്യക്തമായ മറുപടി ലഭ്യമാക്കാൻ സാധിച്ചില്ല. ആക്ടിനു വിരുദ്ധമായി നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് റിപ്പോർട്ടു ചെയ്തുകഴിഞ്ഞാൽ അവരുടെ ജോലി അവസാനിക്കുന്നില്ല എന്നും എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതു സംബന്ധിച്ച വിവരങ്ങൾ ഉന്നത അധികാരികൾക്ക് കൈമാറണമെന്നും റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ തുടർനടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിൽ കൃഷി-റവന്യൂ വകുപ്പധികാരികൾക്ക് കൂട്ടുത്തരവാദിത്തമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ആക്ടിന്റെ ലംഘനം സംബന്ധിച്ച് കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതു സംബന്ധിച്ച് കൃഷി ഓഫീസർമാർ രജിസ്റ്ററുകൾ സൂക്ഷിക്കാനുള്ള നിർദ്ദേശം കൂടി ഉൾപ്പെടുത്തി ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ പൂർണ്ണമായും അംഗീകരിക്കുന്നു. എന്നാൽ ഇത് നിയമത്തോട് അനുബന്ധിച്ചുള്ള ഭരണപരമായ കർത്തവ്യമായതിനാൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകുന്നതാണ് ഉചിതമെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2008-ലെ നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം 7-ാം വകുപ്പ് പ്രകാരം കൃഷി ആഫീസർ, ഒരു നിയമലംഘനം 12-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുന്ന അവസരത്തിൽ ഇവയുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുവാനുള്ള നിർദ്ദേശം നൽകിക്കൊണ്ട് രജിസ്റ്ററിന്റെ മാതൃക സഹിതം, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ. (കൈയെഴുത്ത്) 71/2016/റവ തീയതി 1-2-2016 -അനുബന്ധം I].

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

### ശിപാർശ (ഖണ്ഡിക 27)

ജില്ലാ തലത്തിൽ എല്ലാ മാസവും അതാതു മാസത്തെ റിപ്പോർട്ട് ജില്ലാതല ഉദ്യോഗസ്ഥന് കൈമാറണമെന്നും റവന്യൂ വകുപ്പ് അധികാരികൾക്ക് റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളിൻമേൽ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായുള്ള സംവിധാനം കൂടി ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ തുടർനടപടി സ്വീകരിച്ചു കഴിഞ്ഞു മറുപടി ലഭ്യമാക്കിയാൽ മാത്രമേ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ എന്ന വിധത്തിൽ ചട്ടങ്ങൾ കുറ്റമറ്റതാക്കേണ്ടതാണ് എന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പൂർണ്ണമായും അംഗീകരിക്കുന്നു. എന്നാൽ, ഇത് നിയമത്തോട് അനുബന്ധിച്ചുള്ള ഭരണപരമായ കർത്തവ്യമായതിനാൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകുന്നതാണ് ഉചിതമെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7-ാം വകുപ്പ് പ്രകാരം കൃഷി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ സ്വീകരിച്ച നടപടി ജില്ലാ കളക്ടർ എല്ലാമാസവും വിളിച്ചു കൂട്ടുന്ന ജില്ലാതല ഓഫീസർമാരുടെ യോഗങ്ങളിൽ ചർച്ചചെയ്യുവാനും, വീഴ്ച ഉള്ളപക്ഷം വ്യക്തമായ നിർദ്ദേശം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് നല്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഫയലിൽ നടപടികൾ പൂർത്തീകരിക്കുന്ന വേളയിൽ നടപടി വിവരം റിപ്പോർട്ടിംഗ് ഓഫീസർ ആയ കൃഷി ഓഫീസറെ കൂടി അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട് [സ.ഉ. (കൈയെഴുത്ത്) 71/2016/റവ തീയതി 1-2-2016]. ഇത് കൂടാതെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ പക്കലും കൃത്യമായ കണക്കുകൾ ഉണ്ടാകുന്നത് അഭികാമ്യമാകയാൽ ഇത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർക്കും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം, രജിസ്റ്ററിന്റെ മാതൃക സഹിതം നിർദ്ദേശം നൽകിയിട്ടുണ്ട്.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

### ശിപാർശ (ഖണ്ഡിക 28)

ആക്ടിലെ 8-ാം വകുപ്പു പ്രകാരം പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിന് പ്രാദേശിക നിരീക്ഷണ സമിതി ശിപാർശ ചെയ്തിട്ടുള്ള അപേക്ഷകൾ

വിശദപരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടത് സംസ്ഥാനതല സമിതിയാണ്. എന്നാൽ സംസ്ഥാനതല സമിതിയുടെ രൂപീകരണം സംബന്ധിച്ച ഉത്തരവ് എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചിട്ടില്ല എന്നു സമിതി മനസ്സിലാക്കുന്നു. 2009 സെപ്റ്റംബർ 17-ാം തീയതി സ. ഉ. (എം. എസ്.) നമ്പർ 166/09/കൃഷി നമ്പർ ഉത്തരവായി ഇറക്കിയ സംസ്ഥാനതല സമിതിയുടെ രൂപീകരണം സംബന്ധിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയത് 2010 ജനുവരി 5-ാം തീയതിയാണ്. സംസ്ഥാനതല സമിതിയുടെ രൂപീകരണം സംബന്ധിച്ച് എസ്.ആർ.ഒ. പുറപ്പെടുവിക്കാത്തത് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുന്നത് ഒഴിവാക്കുന്നതിനായുള്ള ബോധപൂർവ്വമായ നടപടിയാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ഗവൺമെന്റ് ഉത്തരവുകളും ചട്ടങ്ങളും ബോധപൂർവ്വം നിയമസഭയുടെ മേശപ്പുറത്തു വയ്ക്കാതിരിക്കാനുള്ള സർക്കാരിന്റെ നടപടി സമിതി അത്യന്തം ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ഒരു നിയമത്തിന്റെ വകുപ്പനുസരിച്ച് ചട്ടങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കുമ്പോൾ അത് എസ്.ആർ.ഒ. ആയി തന്നെ പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ നിരീക്ഷണം അംഗീകരിക്കുന്നു. ആയത് പ്രകാരം നിയമത്തിന്റെ വകുപ്പനുസരിച്ച് ചട്ടങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കുമ്പോൾ ആയത് എസ്.ആർ.ഒ. ആയി തന്നെ പുറപ്പെടുവിക്കുന്നതാണ്

(റവന്യൂ വകുപ്പ് 02.02.2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 29)**

2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ നിയമസഭ 2011 ജൂലൈ 27-ാം തീയതി പാസ്സാക്കിയതിനുശേഷം ചട്ടങ്ങളിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച ഭേദഗതി ചട്ടങ്ങളായി പുറപ്പെടുവിച്ചിട്ടില്ല എന്നതും സമിതി നിരീക്ഷിക്കുന്നു. ആക്ടിലെ 12-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി പുറപ്പെടുവിച്ചിട്ടുള്ള 351/2009 നമ്പർ എസ്.ആർ.ഒ. തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. റവന്യൂ ഡിവിഷണൽ ഓഫീസർക്കുപകരം വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ ഉദ്യോഗസ്ഥർക്കു അധികാരം കൈമാറ്റം ചെയ്യപ്പെടാനുള്ള വ്യവസ്ഥ നിയമമായി കൊണ്ടുവന്നിട്ടും അതിനനുസരിച്ചുള്ള വികേന്ദ്രീകരണം താഴെത്തട്ടിൽ

കൈമാറ്റം ചെയ്യപ്പെടാത്തത് റവന്യൂ വകുപ്പിന്റെ കടുത്ത അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. നിയമത്തിലെ ഭേദഗതി നിയമസഭ പാസ്സാക്കി ഒരു വർഷമായിട്ടും നടപ്പാക്കാത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. അധികാരം താഴെത്തട്ടിലേക്ക് വികേന്ദ്രീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്ന ഈ നടപടി അത്യന്തം അപലപനീയമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ ഉദ്യോഗസ്ഥർക്ക് അധികാരം കൈമാറ്റം ചെയ്യപ്പെടാനുള്ള വ്യവസ്ഥ പ്രകാരം പുതിയതായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരെയും അവർക്ക് അധികാരപരിധി നിശ്ചയിച്ചുകൊണ്ടുമുള്ള ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കണമെന്നും അത് എസ്.ആർ.ഒ. ആയി തന്നെ വേണമെന്നും സമിതി ആവശ്യപ്പെടുന്നു.

**സ്വീകരിച്ച നടപടി**

2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രകാരം വകുപ്പ് 12 ഭേദഗതി ചെയ്തതിനെ തുടർന്ന് ജി.ഒ.(എം.എസ്.) 422/2012/ആർ.ഡി. തീയതി 9-11-2012 പ്രകാരം വില്ലേജ് ഓഫീസർമാരുടെ അധികാരപരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് 14-11-2012-ലെ എസ്.ആർ.ഒ. നമ്പർ 789/2012 ആയി വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ് (അനുബന്ധം II ).

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 30)**

പ്രാദേശികതല നിരീക്ഷണ സമിതിയുടെ ഉത്തരവാദിത്തം ഡേറ്റാബാങ്ക് തയ്യാറാക്കുന്നതിലും ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പൊതു ആവശ്യങ്ങൾക്കോ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കാൻ അനുമതി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനോ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിലും മാത്രം ഒതുങ്ങുന്നില്ല. നെൽവയൽ തരിശിട്ടിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തുകയും നെൽവയലിന്റെ അനുഭവക്കാരന് നെല്ലോ ഏതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യുന്നതിന് പ്രേരണ നൽകേണ്ട നടപടികൾ കൂടി പ്രാദേശികതല നിരീക്ഷണ സമിതിയുടെ ചുമതലകളിൽപ്പെടുന്നു. എന്നാൽ ഇത്തരത്തിലുള്ള യാതൊരു നടപടിയും പ്രാദേശികതല നിരീക്ഷണ സമിതി കൈക്കൊള്ളുന്നതായി സമിതിയുടെ തെളിവെടുപ്പ് വേളകളിൽ വ്യക്തമായില്ല. ആയതിനാൽ, നെൽവയൽ തരിശിടുന്നതിന്റെ കാരണം അന്വേഷിച്ച് മേൽ നടപടികൾ

സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ എന്ന നിലയ്ക്ക് കൃഷി ആഫീസറിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഓരോ പ്രാവശ്യവും സമിതി യോഗം ചേരുമ്പോൾ കാര്യപരിപാടിയിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തി ചർച്ച ചെയ്യണമെന്നും അതത് യോഗത്തിന്റെ മിനിട്സ് ആക്ടിലെ 5 (6) വകുപ്പുപ്രകാരം കൃഷി ആഫീസർ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് ജില്ലാതല പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ എല്ലാ മാസവും പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ഉന്നതാധികാരികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ പരിശോധിച്ചു. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 16-ലും 7-ാം ചട്ടത്തിലും തരിശായി ഇട്ടിരിക്കുന്ന നെൽവയൽ കൃഷി ചെയ്യിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്. എന്നാൽ സമിതിയുടെ നിർദ്ദേശ പ്രകാരം പ്രാദേശികതല സമിതി കൺവീനറായ കൃഷി ഓഫീസർ നിയമം അനുശാസിക്കുന്ന രീതിയിൽ സ്വീകരിച്ച നടപടികൾ പ്രാദേശികതല സമിതി ഓരോ പ്രാവശ്യവും യോഗം ചേരുമ്പോൾ അവതരിപ്പിക്കുവാനും ഇക്കാര്യം യോഗനടപടിക്രമങ്ങളും (വകുപ്പ് 5(6) പ്രകാരം) ഉൾപ്പെടുത്തുവാനുമുള്ള നിർദ്ദേശം സ.ഉ. (കൈയെഴുത്ത്) 71/2016/റവ തീയതി 1-2-2016 പ്രകാരം നൽകിയിട്ടുണ്ട്.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 31)**

സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വേണ്ടി നിർമ്മിച്ച നിയമമായിട്ടും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തത് ഒരു പോരായ്മയാണെന്ന് സമിതി കരുതുന്നു. സമിതിയുടെ തെളിവെടുപ്പ് വേളകളിൽ ഉയർന്നുവന്ന പ്രധാന പരാതി നെൽകൃഷി ആദായകരമാക്കുന്നതിനുവേണ്ടിയുള്ള നടപടികളുടെ അഭാവമാണ് കർഷകരെ നെൽകൃഷിയിൽ നിന്നും പിൻതിരിക്കുന്നതിനും മറ്റു നാണ്യവിളകളിലേക്ക് ശ്രദ്ധതിരിയുന്നതിനും കാരണമാകുന്നത് എന്നാണ്. നെൽകൃഷിക്ക് കൂടുതൽ സബ്സിഡിയും ഇതരസഹായങ്ങളും നെല്ലിനു ഉയർന്ന സംഭരണവിലയും നൽകി സർക്കാരിന്റെ ഭാഗത്തുനിന്നും പ്രോത്സാഹനം ഉണ്ടായാൽ മാത്രമേ നിയമം കർഷകന്റെ

മേൽ അടിച്ചേൽപ്പിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരികയുള്ളൂ എന്ന് സമിതി കരുതുന്നു. പാരിസ്ഥിതിക സന്തുലനം നിലനിർത്താൻ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടേയും സാന്നിദ്ധ്യം അവശ്യമാകയാൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും കൈക്കൊള്ളണമെന്നും ഇതര വിളകൾക്കുള്ളതുപോലെ നെൽകൃഷിക്കും ഉയർന്ന സബ്സിഡി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2011-2012, 2012-2013 വർഷങ്ങളിൽ തരിശുനില കൃഷി, കരകൃഷി, കരാർ കൃഷി, ഭക്ഷ്യസുരക്ഷാ പദ്ധതി, ഗ്രൂപ്പ് ഫാമിംഗ് പരിപാടി, കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ മിഷൻ, മാക്രോ മാനേജ്മെന്റ് പദ്ധതികൾ, ആർ.കെ.വി.വൈ., ഉല്പാദന ബോണസ്, സൗജന്യ വൈദ്യുതി എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി. ഗ്രൂപ്പ് ഫാമിംഗ് പരിപാടിയുടെ ഭാഗമായി നെൽകൃഷി വികസനത്തിന് സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 160/2012/കൃഷി തീയതി 3-7-2012 പ്രകാരം സബ്സിഡി ഹെക്ടറിന് 1500 രൂപയിൽ നിന്നും 4000 രൂപയായി വർദ്ധിപ്പിച്ചു. ഉല്പാദന ബോണസ് ഹെക്ടറിന് 350 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ചു [സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 245/2012/കൃഷി തീയതി 31-10-2012 പ്രകാരം]. കൂടാതെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്നു. 2013-2014-ലും നെൽകൃഷി വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി അതുവഴി നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

(കൃഷി വകുപ്പിന്റെ 1-7-2013-ലെ 2047/പി.എ 3/2013/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു).

**ശിപാർശ (ഖണ്ഡിക 32)**

ഇക്കഴിഞ്ഞ വർഷങ്ങളിൽ മഴക്കെടുതിയിൽപ്പെട്ട് കൊയ്ത്തുയന്ത്രം യഥാസമയം ലഭിക്കാത്തതിന്റെയും തൊഴിലാളികളുടെ കുറവിന്റെയും കാരണം നെല്ല് നശിക്കാനിടയായ സാഹചര്യം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ വിഷയം പരിഗണിച്ച് തൊഴിലാളികളുടെ ലഭ്യതക്കുറവുള്ള ഇടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ യന്ത്രവൽക്കരണം നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കർഷകർക്ക് ആവശ്യമായ ടില്ലർ, ട്രാക്ടർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം എന്നിവ സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിന്റെ ചുമതല അതാത് ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറിൽ നിക്ഷിപ്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മഴക്കെടുതിയിൽ കുട്ടനാട്ടിൽ കൃഷിനാശം സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിൻകീഴിൽ 150 കൊയ്ത്ത്മെതി യന്ത്രങ്ങളും വിവിധ പദ്ധതികളിൽപ്പെടുത്തി 20 കൊയ്ത്ത്മെതി യന്ത്രങ്ങളും കെയ്ക്കോ വാങ്ങിട്ടുണ്ട്. ആയത് കൃഷി ഉദ്യോഗസ്ഥരുടെ ശിപാർശപ്രകാരം മിതമായ വാടക നിരക്കിൽ കർഷകന് നൽകിവരുന്നുണ്ട്. ജില്ലാതലത്തിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്റർ വഴി ട്രാക്ടർ, പവർടില്ലർ, മെതിയന്ത്രം തുടങ്ങി വിവിധതരം കാർഷിക യന്ത്രങ്ങൾ പരിശീലനം സിദ്ധിച്ച കർഷകർ വഴി കൃഷിയിടങ്ങളിൽ ഉപയോഗിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ തെരഞ്ഞെടുത്ത 35 ബ്ലോക്കുകളിൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്റർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന കാർഷിക യന്ത്രങ്ങൾ കർഷകർക്ക് നൽകുന്നുണ്ട്.

(കൃഷി വകുപ്പിന്റെ 29-6-2013-ലെ 837/ഐ.എഫ്.എ.3/13/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു).

**ശിപാർശ (ഖണ്ഡിക 33)**

പരിസ്ഥിതിക്ക് അനുകൂലമായ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കണമെങ്കിൽ ജൈവവളത്തിന്റേയും ജൈവകീടനാശിനിയുടേയും ലഭ്യത ഉറപ്പുവരുത്തേണ്ടതും ജൈവവളം എന്ന പേരിൽ വിപണിയിൽ എത്തിക്കുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതുമുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കാര്യമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതായി കാണുന്നില്ല. ആയതിനാൽ, വിപണിയിൽ ലഭിക്കുന്ന ജൈവവള-കീടനാശിനികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ വേണ്ട നടപടികളും അവ യഥേഷ്ടം ലഭ്യമാക്കാനുള്ള നീക്കവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്നും ജൈവവളത്തിനും-ജൈവകീടനാശിനിക്കും സബ്സിഡി അനുവദിക്കുന്ന കാര്യം കൂടി അതീവ ഗൗരവത്തോടെ പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പു വരുത്തുന്നതിനുമായി നിലവിലുള്ള മണ്ണു പരിശോധന ലാബുകളോടനുബന്ധിച്ച് ജൈവവള ഗുണനിലവാര പരിശോധനയ്ക്കുള്ള നടപടികൾ കൃഷി വകുപ്പ് 2015-2016 വർഷം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ജൈവവളങ്ങളുടെ ഗുണമേന്മ കേന്ദ്രഗവൺമെന്റിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016 വർഷത്തോടെ സംസ്ഥാനത്ത് ജൈവകൃഷി

സമ്പൂർണ്ണമാക്കുന്നതിനുള്ള നടപടികളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ 'പരമ്പരാഗത് കൃഷി വികാസ് യോജന' പദ്ധതിയിലൂടെ ജൈവവളങ്ങളുടെ ഉല്പാദനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ്, വയനാട് ജില്ലകൾ ഒഴികെയുള്ള മറ്റ് ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികളിലൂടെ സബ്സിഡി നിരക്കിൽ ജൈവവളങ്ങൾ നല്കുന്നതിനുള്ള നടപടികളും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(കൃഷി വകുപ്പിന്റെ 2-4-2016-ലെ 952/എജി3/2013/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 34)**

ആക്ട് നിലവിൽ വന്നതിനുശേഷവും നെൽവയൽ നികത്തുന്നതിനും തരിശിടുന്നതിനുമുള്ള പ്രവണത നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായാണ് സമിതിക്ക് തെളിവെടുപ്പുവേളയിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. വയൽ രൂപാന്തരപ്പെടുത്തുന്നത് തടയാൻ ആക്ടിൽ വ്യക്തമായ വ്യവസ്ഥകളുണ്ടെങ്കിലും കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ അനാസ്ഥയാണ് നിയമം നടപ്പിലാക്കുന്നതിനുള്ള പ്രധാന വിഘാതമെന്ന് സമിതി വിലയിരുത്തുന്നു. ഒരു സാമ്പത്തിക വർഷം തുടക്കത്തിൽ എത്ര ഏക്കർ നെൽവയൽ ഓരോ പഞ്ചായത്തിലും/മുനിസിപ്പാലിറ്റിയിലും ഉണ്ടെന്നും പ്രസ്തുത സാമ്പത്തിക വർഷാവസാനത്തിൽ എത്ര ഏക്കർ അതേ സ്ഥിതിയിൽ തുടരുന്നുവെന്നും കണക്കാക്കുന്നതിനുള്ള ഒരു വ്യവസ്ഥ ഏർപ്പെടുത്തണമെന്നും നെൽവയലിന്റെ വിസ്തൃതിയിൽ കുറവു വന്നാൽ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/വില്ലേജ് അധികാരികൾ മറുപടി പറയേണ്ടിവരുമെന്നുമുള്ള രീതിയിൽ ഒരു ഓഡിറ്റ് സംവിധാനം നിയമത്തിൽതന്നെ വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശയെ പരിശോധിച്ചു. ഓരോ വർഷവും നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും ആയതിൽ കുറവ് വന്നാൽ അതിന്റെ കാര്യ കാരണങ്ങൾ പരിശോധിക്കേണ്ട ശാസ്ത്രീയ പരിജ്ഞാനം കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കാണ് ഉള്ളത്. നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെടുമ്പോൾ ആയതിനെതിരെ നടപടി എടുക്കുക എന്നതാണ് റവന്യൂ വകുപ്പിൽ നിക്ഷിപ്തമായ കർത്തവ്യം. ആയതിനാൽ നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവ് വന്നാൽ കൃഷി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി പറയേണ്ടിവരുമെന്നുള്ള രീതി നിലവിൽ വന്നാൽ മാത്രമേ സംസ്ഥാനത്തെ

കാർഷികരംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും കഴിയുകയുള്ളൂ. ആയതിനാൽ ഇക്കാര്യത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഉത്തരവാദിത്വം ഒഴിവാക്കണമെന്നും ഇത്തരത്തിൽ ഈ ശിപാർശ ഭേദഗതി ചെയ്യണമെന്നും സമിതിയോട് അഭ്യർത്ഥിക്കുന്നു.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

**സമിതി ആരാഞ്ഞ അധികവിവരം**

നെൽവയൽ വിസ്തൃതിയിൽ കുറവുണ്ടായതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ ഒഴിവാക്കാൻ സാധിക്കില്ലെന്നും പ്രസ്തുത ശിപാർശയിന്മേൽ അന്തിമ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

**ലഭ്യമാക്കിയ മറുപടി**

സമിതിയുടെ ശിപാർശ പ്രകാരം നെൽവയലിന്റെ വിസ്തൃതിയിൽ കുറവ് വന്നാൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/വില്ലേജ് അധികാരികൾ മറുപടി പറയേണ്ടിവരും എന്ന രീതിയിലുള്ള ഓഡിറ്റ് സംവിധാനം വ്യവസ്ഥ ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. 2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 7(1) പ്രകാരം താങ്കളുടെ അധികാര പരിധിയിലുള്ള പ്രദേശത്തെ നെൽവയലുകൾ സംബന്ധിച്ച് കൃഷി ഓഫീസർമാരാണ് റിപ്പോർട്ടിംഗ് ഓഫീസർമാർ. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം റിപ്പോർട്ട് ചെയ്യേണ്ടത് കൃഷി ഓഫീസർമാരാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിന്മേലും സ്വമേധയായും വില്ലേജ് ഓഫീസർമാർ മുതൽ റവന്യൂ ഡിവിഷണൽ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ സ്വീകരിച്ചുവരുന്നു. നിയമം നടപ്പാക്കുന്നതിലെ ഒരു ഉദ്യോഗസ്ഥൻ മാത്രമാണ് വില്ലേജ് ഓഫീസർ. മാത്രമല്ല, നെൽവയലുകൾ ശോഷിക്കുന്നതിനും, കൃഷി നടത്താതിരിക്കുന്നതിനും ഏക കാരണം നെൽവയലുകൾ നികത്തുന്നത് മാത്രമല്ല. അപ്രകാരമായിരിക്കെ, സമിതിയുടെ ശിപാർശയിൽ, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്ന ഉത്തരാവാദിത്വമുള്ള കൃഷി ഓഫീസർമാരെ ടി ചുമതലയിൽ ഉൾപ്പെടുത്താതെ, വില്ലേജ് ഓഫീസിലെ നിലവിലെ ജോലിഭാരം കൂടാതെ നിയമം നടപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്ന വില്ലേജ് ഓഫീസർമാരിൽ നെൽവയലിന്റെ വിസ്തൃതിയിൽ കുറവുണ്ടാകുന്നതിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കുന്നത് ഉചിതമല്ലെന്നും, കൃഷി ഓഫീസർക്ക് ടി ചുമതല നൽകാവുന്നതാണെന്നും അറിയിച്ചു കൊള്ളുന്നു.

(റവന്യൂ വകുപ്പ് 20-9-2017-ലെ 324/പി1/17/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2017-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 35)**

ആക്ടിനു വിരുദ്ധമായി നിലം നികത്തിക്കഴിഞ്ഞാൽ പൂർവ്വസ്ഥിതിയിലാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയൊന്നും ഉണ്ടാകുന്നില്ല എന്നത് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ കാരണം ഫണ്ടിന്റെ അഭാവമാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് ആക്ടിനു വിരുദ്ധമായി നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട റവന്യൂ അധികൃതർക്ക് അത് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട ഫണ്ട് സർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമാക്കണമെന്നും അപ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കാൻ ചെലവുവരുന്ന തുക ഉടമസ്ഥനിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ 31-12-2010-ലെ 50450/പി1/2010/റവ. നമ്പർ സർക്കുലർ പ്രകാരം ആക്ടിനു വിരുദ്ധമായി നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട റവന്യൂ അധികൃതർക്ക് അത് പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള ചെലവ് ഓഫീസ് ചെലവ് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി തുക പൂർവ്വസ്ഥിതിയിൽ കൊണ്ടുവരേണ്ട നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ ഈടാക്കാവുന്നതാണെന്ന് 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ ചട്ടം 13-ൽ വ്യക്തമാക്കുന്നു.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 36)**

നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവം അനുസരിച്ച് നെൽകൃഷിക്കിടയിലുള്ള കാലയളവിൽ പരിവർത്തനാടിസ്ഥാനത്തിൽ ഇടക്കാലവിളയായി പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, വാഴ, മത്സ്യം എന്നിവ കൃഷി ചെയ്യാമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ വാഴകൃഷി ചെയ്തിട്ടാണ് നെൽവയൽ പരിവർത്തനം നടത്തി വരുന്നതു എന്നത് സമിതിക്ക് തെളിവെടുപ്പുവേളയിൽ ബോധ്യപ്പെട്ടു. ആയതിനാൽ, ഇടക്കാല വിളകളുടെ പട്ടികയിൽ നിന്നും വാഴകൃഷി ഒഴിവാക്കി ആക്റ്റ് ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി - റവന്യൂ വകുപ്പ്**

ഇടക്കാല വിളയുടെ പട്ടികയിൽ നിന്നും വാഴകൃഷി ഒഴിവാക്കിയാൽ നെൽവയലുകളിൽ ഇനി മുതൽ വാഴകൃഷി സാധ്യമാകാതെ വരും. ഇത്തരത്തിലുള്ള നടപടി സംസ്ഥാനത്തിന്റെ

സാമ്പത്തിക അവസ്ഥയെയും ഹോർട്ടികൾച്ചറിനെയും Crop pattern-നെയും കർഷകക്ഷേമത്തേയും ബാധിക്കുന്ന വിഷയം ആയതിനാൽ കൃഷി വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിശദമായ പഠനശേഷം ഇതിൽ നടപടി സ്വീകരിക്കാനാവൂ. ആയതിനാൽ സമിതിയുടെ ഈ ശിപാർശ തൽക്കാലം പ്രാവർത്തികമാക്കാൻ കഴിയില്ല എന്ന് അറിയിക്കുന്നു.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരാകുകയും ചെയ്തു.)

**കൃഷി വകുപ്പ്**

സംസ്ഥാനത്തെ വാഴകൃഷി ചെയ്യുന്ന കർഷകരിൽ ഒരു വലിയ വിഭാഗം നെൽവയലുകൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കർഷകർക്ക് വരുമാനം കിട്ടുന്ന വിളയായതിനാൽ ഇടക്കാല വിളയായി വാഴകൃഷി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ നിലനിർത്താവുന്നതാണ്. വാഴകൃഷി ഒഴിവാക്കിയാൽ തരിശുനിലങ്ങളുടെ വ്യാപ്തി വർദ്ധിക്കുവാൻ ഇടയാകും. ആയതിനാൽ നെൽവയൽ പരിവർത്തനപ്പെടുത്തുകയില്ല എന്ന നിബന്ധയോടെ വാഴകൃഷി അനുവദിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ ഇടക്കാല വിളകളുടെ പട്ടികയിൽ നിന്നും വാഴകൃഷി ഒഴിവാക്കിക്കൊണ്ട് 2008 -ലെ നിയമം ഭേദഗതി ചെയ്യുന്നത് അഭികാമ്യമല്ല.

(കൃഷി വകുപ്പ് 4-4-2016-ലെ 184/എൻ.സി.എ 3/2015/അഗ്രി/നമ്പർ പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു).

**സമിതി ആരാഞ്ഞ അധിക വിവരം**

റവന്യൂ, കൃഷി എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇടക്കാല വിളകളുടെ പട്ടികയിൽ നിന്നും വാഴകൃഷി ഒഴിവാക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് വിശദമായി പഠനം നടത്തി എന്തെങ്കിലും നിഗമനത്തിൽ എത്തിയിട്ടുണ്ടോയെന്നും സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെല്ലും വാഴയും കൃഷി ചെയ്യുന്നുണ്ടെന്നും ഏതൊക്കെ ജില്ലകളിലാണ് വാഴകൃഷി കൂടുതലായി ചെയ്യുന്നതെന്നും ഓരോ ജില്ലയിലെയും നെൽകൃഷി ചെയ്യുന്നതിന്റെ ഏരിയ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുവാനും നിലവിൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്ത് വാഴകൃഷി ചെയ്യാൻ പാടില്ലെന്നും സമിതി ശിപാർശ ചെയ്തു.

**ലഭ്യമാക്കിയ മറുപടി - റവന്യൂ വകുപ്പ്**

സമിതിയുടെ ശിപാർശ പ്രകാരം ഇടക്കാല വിളകളുടെ പട്ടികയിൽ നിന്നും വാഴകൃഷി ഒഴിവാക്കണമെന്നത് അംഗീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് പഠനം നടത്തി എത്ര സ്ഥലത്ത് നെൽകൃഷിയും വാഴ കൃഷിയും ചെയ്യുന്നുണ്ടെന്നും ഏത് ജില്ലകളിലാണ് ഏറ്റവും കൂടുതൽ വാഴകൃഷി ഉള്ളത് എന്നത് സംബന്ധിച്ചും വിസ്തൃതി തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. എത്ര ഹെക്ടർ സ്ഥലത്ത് ഏതു കൃഷി ചെയ്തുവരുന്നു എന്ന വിവരം കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്ന സാങ്കേതിക വിഷയമായതിനാൽ ഇക്കാര്യം കൃഷി വകുപ്പിലൂടെ കൈകാര്യം ചെയ്യുന്നതാവും അഭികാമ്യം എന്ന് അറിയിച്ചുകൊള്ളുന്നു. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ വകുപ്പ് 2-ൽ ഉപവകുപ്പ് IX പ്രകാരമുള്ള നിർവ്വചനത്തിൽ നിന്നും ഇടക്കാല വിളയിൽ ഉൾപ്പെട്ടിട്ടുള്ള വാഴകൃഷി ഒഴിവാക്കി നിയമം ഭേദഗതി ചെയ്ത് ഉത്തരവ് ആവുന്നതാണ്.

(റവന്യൂ വകുപ്പ് 20-9-2017-ലെ 324/പി1/17/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2017-ലെ സമിതി യോഗം അംഗീകരിച്ചു.)

**കൃഷി വകുപ്പ്**

**നെല്ല്, വാഴ കൃഷിയുടെ വിവരങ്ങൾ**

എ) 2015-2016-ൽ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണം - 196870 ഹെക്ടർ.

2015-2016-ൽ സംസ്ഥാനത്തെ വാഴകൃഷിയുടെ (ഏത്തവാഴ+മറ്റുവാഴ) വിസ്തീർണ്ണം - 117518 ഹെക്ടർ

ബി) **വർഷം - 2015-16**

| ക്രമ നമ്പർ | ജില്ല | (വിസ്തീർണ്ണം ഹെക്ടറിൽ) | |
|---|---|---|---|
| | | വാഴ കൃഷി | നെൽ കൃഷി |
| 1 | തിരുവനന്തപുരം | 9796 | 2119 |
| 2 | കൊല്ലം | 8115 | 1555 |
| 3 | പത്തനംതിട്ട | 4047 | 2534 |
| 4 | ആലപ്പുഴ | 2597 | 31724 |
| 5 | കോട്ടയം | 5842 | 16272 |

| | | | |
|---|---|---|---|
| 6 | ഇടുക്കി | 7389 | 887 |
| 7 | എറണാകുളം | 9643 | 5950 |
| 8 | തൃശ്ശൂർ | 7424 | 24625 |
| 9 | പാലക്കാട് | 25365 | 81120 |
| 10 | മലപ്പുറം | 12056 | 8687 |
| 11 | കോഴിക്കോട് | 5525 | 2872 |
| 12 | വയനാട് | 11152 | 9204 |
| 13 | കണ്ണൂർ | 5662 | 5478 |
| 14 | കാസർഗോഡ് | 2905 | 3843 |
| **ആകെ** | | **117518** | **196870** |

(കൃഷി വകുപ്പ് 20-9-2017-ലെ 1841/എൻ.സി.എ 3/2016/അഗ്രി. നമ്പർ പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2017-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 37)**

ആക്റ്റിലെ 16-ാം വകുപ്പ് പ്രകാരം തരിശിടുന്ന നിലം ഏറ്റെടുത്ത് കൃഷി ചെയ്യിക്കാൻ പഞ്ചായത്തുകൾക്ക് അവസരമുണ്ട്. അതനുസരിച്ച് നിലം തരിശിടുന്നത് കൃഷി ഓഫീസർമാർ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ അത് കൃഷി ചെയ്യിപ്പിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ചെയ്യണമെന്നും അപ്പോൾ മാത്രമേ ആക്റ്റിന്റെ ഉദ്ദേശം നടപ്പാവുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെടുന്നു. ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തുകയും തരിശിട്ടിരിക്കുന്ന നെൽവയലുകൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യിക്കാനുള്ള സംവിധാനം പഞ്ചായത്ത് മുഖേന സർക്കാർ നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വിവിധ കാരണങ്ങളാൽ കൃഷിയോഗ്യമായ നിരവധി സ്ഥലങ്ങൾ കേരളത്തിൽ കൃഷി ചെയ്യാതെ തരിശായി കിടപ്പുണ്ട്. കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത തരിശുഭൂമികൾ കൃഷിയോഗ്യമാക്കേണ്ടത് ഭക്ഷ്യസുരക്ഷയ്ക്ക് അത്യാവശ്യമാണ്. കൃഷിവകുപ്പ് വിവിധ പദ്ധതികളിലൂടെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പ്രോത്സാഹനം നൽകിവരുന്നു. കൃഷി ചെയ്യാൻ സന്നദ്ധരായ കുടുംബശ്രീ, സ്വയം സഹായസംഘങ്ങൾ, കർഷക ക്ലബ്ബുകൾ, സംഘടനകൾ, ഗ്രൂപ്പുകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട്

തരിശുഭൂമിയിൽ പരമാവധി കൃഷിയിറക്കുന്നതിന് വേണ്ടി സാമ്പത്തികസഹായം, യന്ത്രവൽക്കരണം എന്നിവ ഉൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ കൃഷി വകുപ്പ് നൽകിവരുന്നു. വരും വർഷങ്ങളിൽ കേരളത്തെ തരിശുരഹിത ഗ്രാമങ്ങൾ ആക്കുകയാണ് കൃഷിവകുപ്പിന്റെ ലക്ഷ്യം.

ഭൂവുടമയുടെ സമ്മതത്തോടെയുള്ള കരാർകൃഷി പ്രകാരം 2011-2012-ൽ 725 ഹെക്ടർ സ്ഥലത്ത് നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി നടപ്പിലാക്കി. 2012-2013-ൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങു വർഗ്ഗവിളകൾ എന്നിവ 4000-ത്തോളം ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്തു. പഞ്ചായത്ത്, ഭൂവുടമ, കൃഷി ചെയ്യുന്ന കർഷകർ എന്നിവർ സംയുക്തമായി അംഗീകരിച്ച ഉടമ്പടി പ്രകാരമാണ് ഈ കരാർകൃഷി നടപ്പിലാക്കിയത്. 2013-2014-ൽ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 875 ലക്ഷം രൂപ തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

(കൃഷി വകുപ്പ് 1-7-2013-ലെ 2047/പി.എ.3/2013/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 38)**

സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് ഓരോ വർഷവും 10000 ഹെക്ടറിൽ അധികം കൃഷിയാണ് നഷ്ടമാകുന്നത്. ഇത്തരത്തിൽ നെൽകൃഷി വിട്ടുപോകുന്ന കർഷകരുടെ എണ്ണം നാൾക്കുനാൾ പെരുകുന്നതായി സമിതി കണ്ടെത്തി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും നെൽകൃഷി നിലനിർത്തേണ്ടത് കേരളത്തിന്റെ പൊതുവായ ആവശ്യമാണ്. ആയതിനാൽ നെൽകൃഷിയിലേക്ക് കർഷകരെ മടക്കി കൊണ്ടുവരുന്നതിന് ആകർഷകമായ നെൽകൃഷി പാക്കേജുകൾ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാനത്ത് 11 നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. പ്രത്യേക സ്വഭാവമുള്ള പ്രശ്നപ്രദേശങ്ങളിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് ഈ ഏജൻസികൾ മുഖ്യമായും പ്രവർത്തിക്കുന്നത്. അംഗീകരിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ ഏജൻസികൾക്ക് ധനസഹായം നൽകിവരുന്നു. 2013-2014-ൽ ഏജൻസികൾക്ക് ധനസഹായം നൽകുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (കൃഷി വകുപ്പ് 1-7-2013-ലെ 2047/പി.എ.3/2013/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 39)**

RKVY, RIDF തുടങ്ങിയ കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാന കാർഷിക പദ്ധതികളിൽ പ്രാദേശിക ആവശ്യകത/വിള/മുൻഗണനകൾ എന്നിവ ഫലപ്രദമായി ഉറപ്പുവരുത്തുവാനും കാർഷിക മേഖലയിലെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനും ഉതകുന്ന പദ്ധതികൾ ആർ.കെ.വി.വൈ. പദ്ധതി പ്രകാരവും പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രവൃത്തി ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരവും നടപ്പിലാക്കിവരുന്നു. 2011-2012, 2012-2013 എന്നീ വർഷം ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. തുടങ്ങിയ കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച പദ്ധതികളെ സംബന്ധിച്ച റിപ്പോർട്ട് ഇതോടൊപ്പം ചേർത്തിരിക്കുന്നു (അനുബന്ധം III ).

(കൃഷി വകുപ്പ് 28-11-2013-ലെ 2048/പി.എ.2/2013/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 26-8-2014-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 40)**

നിലവിലെ കൃഷിഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കർശനമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ഒപ്പം നെൽക്കൃഷിയുടെ പ്രോത്സാഹനത്തിനാവശ്യമായ ക്രിയാത്മകമായ മാർഗ്ഗങ്ങൾ അവലംബിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. 2008-ലെ നെൽവയൽ- തണ്ണീർത്തട സംരക്ഷണ ആക്റ്റിന് വിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നടപടികൾ കൈക്കൊണ്ട് നമ്മുടെ ശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

**സ്വീകരിച്ച നടപടി - റവന്യൂ വകുപ്പ്**

നെൽകൃഷിയുടെ പ്രോത്സാഹനത്തിനാവശ്യമായ ക്രിയാത്മകമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടത് കൃഷി വകുപ്പാണ്. 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന് വിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ച വരുന്നു. 7-ാം വകുപ്പ് പ്രകാരം കൃഷി ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ കൂടാതെ റവന്യൂ അധികാരികൾ സ്വമേധയായും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

## കൃഷി വകുപ്പ്

അനധികൃതമായ നെൽവയൽ പരിവർത്തന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾക്കായി റവന്യൂ വകുപ്പിൽ കൃഷി ഓഫീസർമാർ റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും സംരക്ഷണത്തിന് കൃഷി വകുപ്പ് ശക്തമായ നടപടികൾ കൈക്കൊണ്ടു വരുന്നു.

(കൃഷിവകുപ്പ് 4-4-2016-ലെ 184/എൻ.സി.എ 3/2015-അഗ്രി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

## സമിതി ആവശ്യപ്പെട്ട അധികവിവരം

അനധികൃത നെൽവയൽ പരിവർത്തന പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ വകുപ്പിൽ റിപ്പോർട്ട് ചെയ്ത കേസുകളുടെ വിശദവിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

## ലഭ്യമാക്കിയ മറുപടി

അനധികൃത നെൽവയൽ പരിവർത്തന പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ വകുപ്പിൽ 3 വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 105 |
| 2 | കൊല്ലം | 219 |
| 3 | പത്തനംതിട്ട | 145 |
| 4 | ആലപ്പുഴ | 556 |
| 5 | കോട്ടയം | 320 |
| 6 | ഇടുക്കി | 388 |

| | | |
|---|---|---|
| 7 | എറണാകുളം | 1001 |
| 8 | തൃശ്ശൂർ | 482 |
| 9 | പാലക്കാട് | 270 |
| 10 | മലപ്പുറം | 682 |
| 11 | കോഴിക്കോട് | 157 |
| 12 | വയനാട് | 31 |
| 13 | കണ്ണൂർ | 332 |
| 14 | കാസർഗോഡ് | 86 |
| | **ആകെ** | **4774** |

(കൃഷിവകുപ്പ് 20-9-2017-ലെ 1841/എൻ.സി.എ.3/2016/അഗ്രി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2017-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു).

**ശിപാർശ (ഖണ്ഡിക 41)**

പരിസ്ഥിതി-വനം മന്ത്രാലയവും ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ സ്പേസ് ആപ്ലിക്കേഷൻ സെന്ററും സംയുക്തമായി നടപ്പാക്കുന്ന നാഷണൽ വെറ്റ്ലാന്റ് ഇൻവെന്ററി ആന്റ് അസസ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി നടത്തിയ നീർത്തടനിയമ പ്രകാരം കേരളത്തിലെ 160590 ഹെക്ടർ പ്രദേശം നീർത്തടങ്ങളാണ് . ഇവയിൽ പ്രധാനപ്പെട്ടവ കായലുകൾ, റിസർവോയറുകൾ , ചതുപ്പുകൾ, നദികൾ , അരുവികൾ എന്നിവയാണ്. കേന്ദ്രത്തിൽ തണ്ണീർത്തടങ്ങൾക്കുവേണ്ടി പ്രത്യേകം നിയമം കൊണ്ടുവരുമ്പോൾ കേരളത്തിൽ 200 ഏക്കറിൽ താഴെയുള്ള തണ്ണീർത്തടങ്ങൾ ഒഴിവാക്കാനുള്ള സാദ്ധ്യത ഏറെയാണ്. കേരളത്തിൽ 50 ഏക്കറിൽ താഴെയുള്ള തണ്ണീർത്തടങ്ങൾ പോലും ആയിരത്തിലധികമുണ്ട്. തണ്ണീർത്തടങ്ങൾ, ജൈവപരമായി അതീവ പ്രാധാന്യമുള്ള ആവാസവ്യവസ്ഥകളായതിനാൽ അവ നൽകുന്ന സേവനങ്ങൾ ജീവന്റെ നിലനിൽപ്പിന് അനിവാര്യമാണ്. വികസനത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകൾ ജൈവപരമായി അതീവ പ്രാധാന്യമുള്ള നീർത്തടങ്ങൾക്ക് ഭീഷണിയാകുന്നു. ജൈവസമ്പത്തിന്റെ കലവറയായ നീർത്തടങ്ങളുടെ സംരക്ഷണം

ഉറപ്പാക്കുന്നതിനുവേണ്ടി നിലവിലുള്ള നീർത്തടങ്ങളുടെ വിസ്തൃതിയും സർവ്വേ നമ്പരും ഉൾപ്പെടുന്ന ഡേറ്റാബാങ്ക് പ്രത്യേകമായി വിജ്ഞാപനം ചെയ്യണമെന്നും അതിനുള്ള നടപടികൾ മൂന്നു മാസത്തിനകം പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇത്തരം നീർത്തടങ്ങൾ സംരക്ഷിച്ച് വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി Wetland Tourism Authority രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി - റവന്യൂ വകുപ്പ്**

2008-ൽ കേരളാ നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം കേന്ദ്ര സർക്കാർ Ministry of Enviornment and Forest 2010-ൽ Wetland (Conservation and Management) Rules പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ Central Wetlands Regulatory Authority രൂപീകരണം, Identification of Wetlands, Restriction of Activities in Wetlands, Their Manangement എന്നിവയ്ക്ക് വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പരിസ്ഥിതി വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. 2008-ലെ നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമത്തിൽ തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിന് പൂർണ്ണ നിരോധനമാണ് വിവക്ഷിക്കുന്നത്.

(റവന്യൂ വകുപ്പ് 2-2-2016-ലെ 4046/പി1/2013/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 29-11-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**വിനോദ സഞ്ചാര വകുപ്പ്**

വിനോദസഞ്ചാര വകുപ്പിന്റെ വികസന പ്രവർത്തനങ്ങളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പ്, നിയന്ത്രണം എന്നിവ ഏർപ്പെടുത്തുന്നതിനായി ടൂറിസം റെഗുലേറ്ററി അതോറിറ്റി (TRAK) എന്ന സംവിധാനം/ഏജൻസി രൂപീകരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഇത് നിലവിൽ വരുന്നതോടെ അടിസ്ഥാനസൗകര്യ വികസനം, വിപണനം എന്നിവ വിപുലപ്പെടുത്തുന്നതിനും, ഫലപ്രദമായി നടപ്പിലാക്കുന്നതിനും കഴിയുമെന്നും ഈ സാഹചര്യത്തിൽ Wet Land Tourism Authority പോലുള്ള ഏജൻസികളുടെ രൂപീകരണം അനുചിതമാണെന്നുമാണ് വകുപ്പ് വിലയിരുത്തുന്നത്. TRAK-ന്റെ പ്രവർത്തന സംഹിതയിലും ടൂറിസം വികസന പദ്ധതിയിലും നീർത്തടങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിൽ വകുപ്പിന്റെ പരിധിയിൽ നിന്നുകൊണ്ട് പദ്ധതികൾ തയ്യാറാക്കുന്ന കാര്യത്തിന് വിനോദസഞ്ചാര വകുപ്പ് പ്രത്യേക ഊന്നൽ നൽകുന്നതാണ്. ഇതിനായി നീർത്തടങ്ങളുടെ സംരക്ഷണവും വിസ്തൃതിയും സംബന്ധിച്ച ഡാറ്റാബാങ്ക് കൃഷി വകുപ്പ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ടൂറിസം വകുപ്പിന്റെ 4-2-2019-ലെ ബി2/211/2017/ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 5-8-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

## തദ്ദേശസ്വയംഭരണ വകുപ്പ്

**പഞ്ചായത്തുകളിൽ**

2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും വിവരങ്ങൾ കാലികമാക്കി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ ആക്ടിലെ സെക്ഷൻ 2 (xviii) പ്രകാരം 'തണ്ണീർത്തടം' എന്നത് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. അതുപോലെ തന്നെ പ്രാദേശികതല നിരീക്ഷണ സമിതി സെക്ഷൻ 5(4)(i)-ൽ ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പരുകളും വിസ്തൃതിയുമടങ്ങിയ ഫാറം 4-ലെ ഡാറ്റാബാങ്ക് തയ്യാറാക്കി സമിതി ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ചുനൽകേണ്ടതും സെക്രട്ടറി അത് ഒരു വിജ്ഞാപനമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് ചട്ടം 4(4) വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**നഗരസഭകളിൽ**

നീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി നിലവിലുള്ള നീർത്തടങ്ങളുടെ വിസ്തൃതിയും സർവ്വേ നമ്പരും ഉൾപ്പെടുന്ന ഡാറ്റാബാങ്ക് പ്രത്യേകമായി വിജ്ഞാപനം ചെയ്യണമെന്നും അതിനുള്ള നടപടികൾ മൂന്നു മാസത്തിനകം പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. ജൈവ പരമായി അതീവ പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളുടെ വിസ്തൃതിയും സർവ്വേ നമ്പരും ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ചേർത്ത സമഗ്രമായ ഡാറ്റാബാങ്ക് ആണ് കേരളത്തിലെ എല്ലാ നഗരസഭകളും പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(തദ്ദേശസ്വയംഭരണ വകുപ്പ് 4-8-2022-ലെ 53/ആർ.ഡി.3/2015/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10-8-2022-ലെ സമിതി യോഗം പരിഗണിക്കുകയും കൂടുതൽ വ്യക്തമായ മറുപടി പരിസ്ഥിതി വകുപ്പിൽ നിന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു).

## പരിസ്ഥിതി വകുപ്പ്

തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017 പ്രകാരം രൂപീകരിക്ക പ്പെട്ടതാണ് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (SWAK). 2012 ജൂലൈ 25-ന്

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി സമർപ്പിച്ച ഏഴാമത് റിപ്പോർട്ട് പ്രകാരമാണ് Wetland Tourism Authority-യുടെ രൂപീകരണം സംബന്ധിച്ച നിർദ്ദേശം ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത നിർദ്ദേശത്തിനുശേഷമാണ് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകൃതമായിട്ടുള്ളത്. സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട നയവികസനം, റെഗുലേറ്ററി ചട്ടക്കൂടുകൾ, സംയോജിത മാനേജ്മെന്റ്, ആസൂത്രണം, പ്രവർത്തന പദ്ധതികളുടെ നടപ്പിലാക്കൽ, ശേഷി വർദ്ധിപ്പിക്കൽ, ഗവേഷണം, നെറ്റ് വർക്കിങ്, ആശയവിനിമയം, അവബോധം വളർത്തൽ, ഫണ്ട് സൃഷ്ടിക്കൽ, സമാഹരണം എന്നീ ചുമതലകൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചുള്ള ഒരു നിയമാനുസൃതമായ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണിത്.

തണ്ണീർത്തടങ്ങളുടെ സുസ്ഥിര വികസനത്തിനും സംരക്ഷണത്തിനും പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ, സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ പട്ടിക തയ്യാറാക്കൽ, തണ്ണീർത്തടങ്ങളുടെ വിജ്ഞാപനം തുടങ്ങിയ പ്രവർത്തനങ്ങൾ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി നടത്തി വരുന്നു.

തണ്ണീർത്തടങ്ങളുടെ സമഗ്രമായ പരിപാലനത്തിനായി തയ്യാറാക്കുന്ന കർമ്മ പരിപ്രേക്ഷ്യങ്ങളിൽ ടൂറിസത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് തണ്ണീർത്തട അതോറിറ്റി പ്രവർത്തിക്കുന്നത്. റാംസാർ തണ്ണീർത്തടങ്ങളുടെ കർമ്മ പരിപ്രേക്ഷ്യം പ്രകാരം ടൂറിസം മേഖലയിൽ വേണ്ട ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അഷ്ടമുടി, വേമ്പനാട് തുടങ്ങിയ തണ്ണീർത്തടങ്ങളിൽ House Boat Upgradation, ശാസ്താംകോട്ടയുടെ Eco-Tourism Master Plan എന്നിവയ്ക്കായുള്ള proposal ക്ഷണിച്ച് ടൂറിസം ഡിപ്പാർട്ട്മെന്റ് സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

റാംസാർ തണ്ണീർത്തടങ്ങളുടെ കർമ്മപരിപ്രേക്ഷ്യത്തിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകി വരുന്നുണ്ട്. തെരഞ്ഞെടുത്ത തണ്ണീർത്തടങ്ങളുടെ വിജ്ഞാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നടന്നുവരുന്നു. സൂക്ഷ്മ തലത്തിൽ ഓരോ തണ്ണീർത്തടത്തിനും ഗ്രാമപഞ്ചായത്ത് , Urban local body തുടങ്ങിയവയുമായി ചേർന്ന് wetland management യൂണിറ്റുകൾക്ക് രൂപം നൽകുകയും ടൂറിസവുമായി ബന്ധപ്പെട്ട പോളിസികൾ തയ്യാറാക്കുന്നതിന് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി ടൂറിസം വകുപ്പുമായി ചേർന്ന് wetland specific ആയ നിർദ്ദേശങ്ങൾ അതത് യൂണിറ്റിന് കൈമാറുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

തണ്ണീർത്തടങ്ങളുടെ വിവേകപൂർണ്ണമായ ഉപയോഗം എന്ന തത്വത്തിൽ അധിഷ്ഠിതമായുള്ള വിനോദസഞ്ചാര പ്രവൃത്തികൾ വഴി ലഭ്യമാകുന്ന തുക തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര പ്രവർത്തനങ്ങളുടെ നടത്തിപ്പിനും ഉപയോഗിക്കുക വഴി സുസ്ഥിരമായ വിനോദസഞ്ചാര പ്രവർത്തനങ്ങളും തണ്ണീർത്തട സംരക്ഷണവും അധികബാധ്യത സൃഷ്ടിക്കാതെ നടപ്പിലാക്കാൻ കഴിയുന്നതാണ്.

(പരിസ്ഥിതി വകുപ്പ് 29-1-2023-ലെ എ 2/143/2022/പരി.നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 3-3-2023-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

**എം. എം. മണി,**

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

അനുബന്ധം I

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - പതിമൂന്നാം കേരള നിയമസഭ - സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14) ഏഴാമത് റിപ്പോർട്ട് ശിപാർശകൾ - തുടർനടപടികൾ - ഉത്തരവ് - പുറപ്പെടുവിക്കുന്നു

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്) നം. 71/2016/റവന്യൂ. തിരുവനന്തപുരം, തീയതി 01..02..2016

പരാമർശം:- 1 05..09..2012-ലെ 1637/സബ്.ലെജിൻ2/10/ലെജി നമ്പർ കത്ത്

## ഉത്തരവ്

പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)യുടെ ഏഴാമത് റിപ്പോർട്ടിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് സംബന്ധിച്ച് അതിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)യുടെ ഏഴാമത് റിപ്പോർട്ടിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പ്രായോഗികതലം നിയമത്തിലെ 5(4)(1) വകുപ്പ് പ്രകാരം തയ്യാറാക്കേണ്ട ഡേറ്റാബാങ്കിൽ കേന്ദ്രീകൃതമാണ്. എന്നാൽ തയ്യാറാക്കപ്പെട്ട ഡേറ്റാബാങ്ക് പ്രത്യക്ഷമായ വസ്തുതകളുടെ അടിസ്ഥാനത്തിലല്ല തയ്യാറാക്കപ്പെട്ടത് എന്ന പരാതി ഉയർന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങളുടെ പരാതി പരിഹരിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയും, കടന്നുകൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുവാൻ ഉപയുക്തമാക്കുന്നതിനുമായി പ്രാദേശികതല

നിരീക്ഷണ സമിതി തയ്യാറാക്കുന്ന അന്തിമ ഡേറ്റാബാങ്ക് പ്രസിദ്ധീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്ക് ലഭിക്കുമ്പോൾ ആയത് പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

2. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം വകുപ്പ് 12-ലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസർമാരാണ്. അപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകളിന്മേൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുമാണ്. നിയമ ലംഘനം സംബന്ധിച്ച് 7-ാം വകുപ്പ് പ്രകാരം റിപ്പോർട്ടിംഗ് ഓഫീസർ നൽകുന്ന റിപ്പോർട്ടിന്മേൽ മേൽ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് വകുപ്പ് 23 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. എന്നാൽ നിലവിൽ വകുപ്പ് 7 പ്രകാരം റിപ്പോർട്ടുചെയ്യുന്ന കേസുകൾ ആയതിന്മേൽ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച ആധികാരികമായ വിവരങ്ങൾ ലഭ്യമല്ല. പ്രസ്തുത കാര്യപരിഹാരാർത്ഥം ഈ ഉത്തരവിനോടൊപ്പമുള്ള അനുബന്ധം 1 ലും 2 ലും യഥാക്രമം കൃഷി ഓഫീസർമാരും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരും ഇനിമേൽ ഇതു സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ വകുപ്പ് 19, 20 എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകളും റവന്യൂ അധികാരികളുടെ പക്കൽ ഉണ്ടാകേണ്ടതാണ്. ഈ രജിസ്റ്ററിലെ വിവരങ്ങൾ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുടെയും ജില്ലാകളക്ടറുടെയും പ്രതിമാസ മീറ്റിങ്ങുകളിൽ ചർച്ചചെയ്യേണ്ടതും ഇത്തരത്തിലുള്ള നിയമം പൂർണ്ണമായ രീതിയിൽ നടപ്പിലാക്കുവാൻ ഉതകുന്ന രീതിയിൽ അവർ നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്. റിപ്പോർട്ടിംഗ് ഓഫീസർമാർ റിപ്പോർട്ടു ചെയ്ത കേസുകളിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ നടപടി വിവരം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം റിപ്പോർട്ടിംഗ് ഓഫീസർമാരെ അറിയിക്കാൻ നിർബന്ധമായും ശ്രദ്ധിക്കേണ്ടതാണ്.

3. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 15, 16 പ്രകാരം തരിശിട്ടിരിക്കുന്ന ഭൂമി കൃഷി ചെയ്യുവാൻ വ്യവസ്ഥകളുണ്ട്. ആയതിന്റെ ചുമതല നിയമപ്രകാരം പ്രാദേശികതല സമിതിയിൽ നിക്ഷിപ്തമായിട്ടുള്ളതിനാൽ സമിതിയുടെ കൺവീനറായ കൃഷി ഓഫീസർ നെൽവയൽ തരിശിടുന്നതിന്റെ കാരണം അന്വേഷിച്ച് സമിതിയുടെ ഓരോ യോഗത്തിലും ഇക്കാര്യം അവതരിപ്പിക്കേണ്ടതാണ്. സമിതിയുടെ

തീരുമാനവും സ്വീകരിക്കേണ്ട നടപടിയും സംബന്ധിച്ച വിവരം വകുപ്പ് 5(6)ൽ അനുശാസിക്കുന്ന പ്രകാരം കൃഷി ഓഫീസർമാർ സൂക്ഷിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർമാർ എല്ലാമാസവും പരിശോധന നടത്തി ഉന്നതാധികാരികൾക്ക് സമഗ്രമായ റിപ്പോർട്ട് നല്കേണ്ടതാണ്.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനുതകുന്ന കാര്യങ്ങളിന്മേലുള്ള മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

മേൽ കാര്യത്തിൽ വീഴ്ച വരുത്തുന്നത് നിയമത്തിലെ സെക്ഷൻ 23 പ്രകാരം ശിക്ഷാർഹമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. വിശ്വാസ് മേത്ത
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
കൃഷി വകുപ്പ്
വിവര പൊതുജന സമ്പർക്ക(വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം അടിസ്ഥാനപ്പെടുത്തി വകുപ്പ് 7-ലെ റിപ്പോർട്ടിംഗ് ഓഫീസർമാർ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക

ജില്ല-

| ക്രമ നമ്പർ | ഭൂമി സംബന്ധിച്ച വിവരങ്ങൾ | | | | നിയമ ലംഘനം സംബന്ധിച്ച വിവരങ്ങൾ | | | | നടപടി വിവരം സംബന്ധിച്ച് | |
|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | പഞ്ചായത്ത് | വില്ലേജ് | സർവ്വേനമ്പർ | ഡേറ്റാബാങ്കിലെ രേഖപ്പെടുത്തൽ (നെൽവയൽ/ തണ്ണീർത്തടം) | കണ്ടെത്തിയ തീയതി | നിയമ ലംഘന രീതി | ഏത് അധി-കാരപ്പെട്ട ഉദ്യോഗ സ്ഥനെ അറിയിച്ച | അധികാരപ്പെട്ട ഉദ്യോഗസ്ഥനെ അറിയിച്ച കത്തിന്റെ നമ്പരും തീയതിയും | അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തീരുമാനം അറിയിച്ച കത്തിന്റെ / ഉത്തരവിന്റെ നമ്പരും തീയതിയും | തീരുമാനത്തിന്റെ ചുരുക്കം |
| | | | | | | | | | | |

അനുബന്ധം 11

## 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം അടിസ്ഥാനപ്പെടുത്തി വകുപ്പ് 12-ലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക

ജില്ല-

| ക്രമ നമ്പർ | ഭൂമി സംബന്ധിച്ച വിവരങ്ങൾ | | | | നിയമ ലംഘനം സംബന്ധിച്ച വിവരങ്ങൾ | | | | | | നടപടി വിവരം സംബന്ധിച്ച് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | പഞ്ചായത്ത് | വില്ലേജ് | സർവ്വേ നമ്പർ | ഡേറ്റാബാങ്കിലെ രേഖപ്പെടുത്തൽ (നെൽവയൽ/ തണ്ണീർത്തടം) | റിപ്പോർട്ട് ചെയ്ത ഉദ്യോഗസ്ഥൻ | റിപ്പോർട്ടിന്റെ നമ്പരും തീയതിയും | സ്വമേധയാ കണ്ടെത്തിയതാണെങ്കിൽ കണ്ടെത്തിയ തീയതി | നിയമ ലംഘന രീതി | നിയമ ലംഘനത്തിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തൃതി | ഈ ഓഫീസിലെ ഫയൽ നമ്പർ | തീരുമാനത്തിന്റെ ചുരുക്കം | വകുപ്പ് 13 പ്രകാരം നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടെങ്കിൽ കത്തിന്റെ നമ്പരും തീയതിയും | ജില്ലാകളക്ടറുടെ തീരുമാനത്തിന്റെ കത്ത്/ ഉത്തരവ് നമ്പരും തീയതിയും | ജില്ലാകളക്ടറുടെ തീരുമാനത്തിന്റെ ചുരുക്കം |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |

അനുബന്ധം II

©
Government of Kerala
കേരള സർക്കാർ
2012

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. I<br>വാല്യം I | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 14th November 2012<br>2012 നവംബർ 14<br>23rd Karthika 1934<br>1934 കാർത്തികം 23 | No.<br>നമ്പർ | 1171 |

## കേരള സർക്കാർ

### റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (എംഎസ്.) നമ്പർ 422/2012/റവന്യൂ. *തിരുവനന്തപുരം, 2012 നവംബർ 9.*

**എസ്. ആർ. ഒ. നമ്പർ 789/2012.**—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, റവന്യൂ വകുപ്പിലെ വില്ലേജ് ആഫീസർമാരെ ബന്ധപ്പെട്ട വില്ലേജ് പരിധിക്കുള്ളിൽ മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരമുള്ള അധികാരിത നൽകിക്കൊണ്ട്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി, ഇതിനാൽ നിയമിച്ചുകൊണ്ട്, 2009 ഏപ്രിൽ 30-ാം തീയതിയിലെ 806-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 351/2009 ആയി പ്രസിദ്ധപ്പെടുത്തിയ 2009 മാർച്ച് 31-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 139/2009/റവന്യൂ വിജ്ഞാപനത്തിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുന്നു, അതായത് :—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012.

33/4605/2012/DTP.

## ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ, (1)-ാം കോളത്തിലെ ക്രമനമ്പർ 5-ഉം അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്.

"6. വില്ലേജ് ആഫീസർമാർ ബന്ധപ്പെട്ട വില്ലേജ് പരിധിക്കുള്ളിൽ.".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി. ഒ. സൂരജ്,
*സെക്രട്ടറി (ഇൻചാർജ്).*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ ആക്റ്റ്, 2011-ലെ 14-ാം ആക്റ്റ് മുഖേന ഭേദഗതി ചെയ്തപ്രകാരം വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത റവന്യൂ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിയമിക്കുവാൻ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് സർക്കാരിന് അധികാരം നൽകിക്കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുള്ളതും അതനുസരിച്ച് വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത റവന്യൂ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിയമിക്കുവാനും അവരുടെ അധികാരപരിധി നിശ്ചയിച്ചുനൽകുവാനും സർക്കാർ തീരുമാനിക്കുകയും ആയതിലേക്കായി 2009 ഏപ്രിൽ 30-ാം തീയതിയിലെ 806-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ എസ്.ആർ.ഒ. നമ്പർ 351/2009-ാം നമ്പർ വിജ്ഞാപനം ഭേദഗതി വരുത്തുവാനും തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

[illegible] III

## RKVY 2011-12- Department of Agriculture

| Sl No | Components | Physical Tar. | Physical Ach. | Financial Tar. | Financial Allotment | Financial Ach. |
|---|---|---|---|---|---|---|
| | **Thiruvananthapuram** | | | | | |
| 3 | Paddy | | | | | |
| | Sustainable development of rice (ha) | 1500 | 1500 | 75.00 | | 75.00 |
| | **Pathanamthitta** | | | | | |
| 1 | Paddy | | | | | |
| a | Fallow land cultivation | 250 | 180 | 30.00 | | 19.76 |
| b | Weed and water management input assitance | 2562 | 2300 | 128.10 | | 114.97 |
| | **Alappuzha** | | | | | |
| 1 | Paddy | | | | | |
| A | Sustainable development of rice (ha) | 15000 | 31462 | 750.00 | 845.59 | 750.00 |
| B | Productivity improvement in Kari land by liming - @Rs.8/kgfor 600 kg/ha | 3000 | 3069 | 60.00 | | 58.23 |
| | RKVY 2010-11 | | | | | |
| 1 | Increasing rice production | | 9219 | | 25.00 | 9.53 |
| 2 | Fallow land cultivation | | 116.5 | | | 0.91 |
| | **Kottayam** | | | | | |
| 1 | Paddy | | | | | |
| A | Bringing fallow land under cultivation (ha) | 315 | 258 | 37.80 | 415.73 | 30.88 |
| B | Input assistance for paddy cultivation (ha) | 5000 | 5000 | 250.00 | | 250.00 |
| | Fallow land cultivation-2010-11 | | | | | 0.46 |
| | **Ernakulam** | | | | | |
| | Paddy | | | | | |
| 1 | Sustainable paddy cultivation (ha) | 5000 | 5000 | 175.00 | 247.49 | 175.00 |
| 2 | Infrastructural work at Neendakara A block padasekaram | | | 15.00 | | 15.00 |
| 3 | Infrastructural work at Trikkalathur padasekaram | | | 14.00 | | 11.97 |
| 4 | Assistence to Kakkoor service cooperative bank ltd for construction of resource store building for Paddy procurement. (50% cost as one time assistance) | | | 20.00 | | 14.71 |
| | **Thrissur** | | | | | |
| | Paddy | | | | | |
| 1 | Sustainable production from existing area (ha) | 7000 | 7129 | 350.00 | 840.04 | 356.46 |
| | Kole infrastructure | | | | 25.00 | 108.83 |
| | **Malappuram** | | | | | |
| A | Paddy | | | | | |
| 1 | Promotion of paddy cultivation (ha) | 5000 | 4991 | 250.00 | 598.04 | 249.57 |
| | **Kozhikode** | | | | | |
| A | Paddy | | | | | |
| 1 | Sustainable development of rice (ha) | 1000 | 1000 | 50.00 | 431.33 | 50.00 |
| 2 | Providing Petty and Para in thikkodi panchayath | | | 29.50 | | |
| | **Wayanad** | | | | | |
| A | Paddy | | | | | |
| 1 | Promotion of traditional and indigenous paddy varieties -Rs.3500/ha as input and Rs.4000 as cash for organic manure- (ha unit) | 2000 | 2000 | 150.00 | 855.61 | 150.00 |
| 2 | Promotion of high yielding paddy varieties | 5000 | 5000 | 250.00 | | 249.93 |
| 3 | Construction of drying yard cum seed godown | 10 | 9 | 100.00 | | |
| | Fallow land cultivation 2010-11 | | | | 25.00 | 55.89 |
| | Irrigation works | | | | | 9.74 |
| | **Kannur** | | | | | |
| 1 | Paddy | | | | | |
| A | Production improvement programme (ha) | 2500 | | 125.00 | 234.43 | 125.00 |

# R I D F-- XVII (2011-2012)

| RIDF Tranche | Name of project and District | Project cost approved by NABARD (inLakhs) | No. and Date of G O by which A.S was granted | Date on which the work is to be completed | Physical Achievement | Financial Achievement | Remarks (Activities in brief) | Total Expenditure | % Expenditure |
|---|---|---|---|---|---|---|---|---|---|
| 1 | Infrastructural works at Vallikkunnu chira, Aappuzha | 152 | | 31.3.2015 | 60% of work Completed | 45.85 Lakhs | The work can be completed before March 2014 | 45.85 | 30.1645 |
| 2 | Develoment of infra-structure facilities to Kumbalangi Padasekharam under Kumbalangi, Krishi bhavan (Ernakulam) | 269.3 | | 31.3.2015 | 25% Completed | 21.59 Lakhs | Work Started.25 % of the work completed & the balance work in progress | 22.716 | 8.4352 |
| 3 | Infrastructure facilities to Velimikkuchal in Munniyar Panchayath, Malappuram. | 202 | G.O.(Rt) No. 286/2012/AD dt: 4.2.2012 | 31.3.2015 | 10% Completed | | Work in Progress | | 0 |
| 4 | Infrastrucuture development works at Varinilam Irrigation in Thrissilery padasekharam,Wayanad. | 30 | | 31.3.2015 | 90 % Completed | | Most of the work completed. This project can be completed before August 2013 | | 0 |
| 5 | Infrastrucuture development works in Padasekharams of Perungottukurissi Panchayat, Palakkad | 110.99 | | 31.3.2015 | work Completed | 20 Lakhs | Work Started.90 % of the work completed. The finishing work are in progress | 20 | 18.0196 |
| 6 | Infrastrucuture development works in Padasekharams of Erimayoor Panchayat Palakkad. | 97.56 | | 31.3.2015 | 80 % Completed | 20 Lakhs | 80 % of the work completed & will be completed before August 2013 | 20 | 20.5002 |
| 7 | Infrastructure development works in various Padasekharams under Manathavady and Thavanji Krishi Bhavans.Wayanad. | 50.85 | | 31.3.2015 | 90% Completed | | Building Works Completed, Irrigation work tendered and will be completed before December, 2013 | | 0 |
| 8 | Inftastructure development works in Mandapam Chirakkakam Padasekharams, Alappuzha. | 30 | | 31.3.2015 | | 29.8271 Lakhs | Work Completed. | 29.8272 | 99.4239 |
| 9 | Development of Vempuzha Kayal in Nannamukku Panchayath, Malappuram. | 115 | | 31.3.2015 | | | Work Started. | | 0 |

RIDF - XVIII (2012-13)

2012-13 വർഷം RIDF - XVIII ൽ കൃഷിവകുപ്പിന് പുതിയ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചില്ല.